വചനവിചിന്തനം - 2010 മാർച്ച് 28, ഞായർ

മത്തായി 21 : 1-17.

ഓശാന ഞായർ

റോമാ സാമ്രാജ്യത്തിന്റെ അധിനിവേശ ചരിത്രത്തിൽ യഹൂദജനത അടിമത്വത്തിന്റെ നുകംപേറിയ ഒരു കാലഘട്ടമായിരുന്നു ഓശാനയുടെ രാഷ്ട്രീയ പശ്ചാത്തലം.

റോമാക്കാർക്ക് കപ്പം കൊടുക്കുക എന്ന സാമ്പത്തിക ഭാരമായിരുന്നില്ല ഈ അടിമത്വത്തിന്റെ യഥാർത്ഥ വേദന. അതിനപ്പുറമുള്ള മതനിഷ്ഠമായ ഒരു വൈകാരിക മുറിവായിരുന്നു അത്. ഇസ്രായേലിന്റെ ഏറ്റവും വലിയ അഭിമാനം അവർ ദൈവത്തിന്റെ സ്വന്തം ജനതയായിരുന്നു എന്നതാണ്. അതുകൊണ്ട് വൈദേശികമായ ആധിപത്യങ്ങളിൽ കഴിയേണ്ടിവന്നപ്പോഴൊക്കെ അവർ വല്ലാതെ നൊമ്പരപ്പെട്ടു. അലരിവൃക്ഷങ്ങളിൽ കിന്നരങ്ങൽ തൂക്കിയിട്ട് ബാബിലോൺ നദിക്കരയിൽ വച്ച് നിലവിളിച്ചതുപോലെ..... അതുകൊണ്ട് റോമൻ അധിനിവേശത്തിൽ നിന്ന് തങ്ങളെ വിമോചിപ്പിക്കാനാവുന്ന രക്ഷകനുവേണ്ടിയുള്ള കാത്തിരിപ്പ് രാഷ്ട്രീയമായ സ്വപ്നം എന്നതിനേക്കാൾ മതപരമായ ഒരു വികാരമായിരുന്നു.

ഉന്നിദ്രമായ അവരുടെ സ്വാതന്ത്ര്യ സ്വപ്നങ്ങളുടെ സമ്മേളന കേന്ദ്രമായിരുന്നത് ജറുസലേം ദൈവാലയമായിരുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് പെസഹാക്കാലത്ത് ജറുസലേമിലേയ്ക്ക് ഒഴുകിയെത്തുന്ന യഹൂദ ജനത രക്ഷകനുവേണ്ടിയുള്ള പ്രതീക്ഷയിലാണ് ഒന്നിക്കപ്പെട്ടിരുന്നത്. അങ്ങനെ അവർ ജറുസലേമിൽ ഒന്നിച്ചുകൂടുമ്പോഴാണ് യേശുവിന്റെ രംഗപ്രവേശം.

അധികാരത്തോടെയുള്ള പ്രബോധനവും വചനം കൊണ്ടുള്ള സൗഖ്യവും പുറമ്പോക്കിലായിരുന്ന മനുഷ്യർക്ക് (സക്കേവൂസിനേപ്പോലെ) ഒരു പുനർജീവിതവുമൊക്കെ കൊടുത്ത് കടന്നു വന്ന യേശു സ്വാഭാവികമായും അവരുടെ പ്രതീക്ഷയിലെ നായകനായി - വിമോചകൻ! പിന്നെ ഓശാനവിളികൾ! ഞങ്ങളേ രക്ഷിക്കണമെ എന്ന നിലവിളികൾ! അതുകൊണ്ടാണ് വിജയം നേടിവരുന്ന ഇസ്രായേൽ രാജാക്കന്മാർക്കു നല്കിയിരുന്ന (1 മക്ക 13:51 -) വരവേൽപ്പ് യേശുവിനു ലഭിക്കുന്നത്.

അപ്പോൾ ഓശാന വിളികളിൽ മുഴങ്ങിയിരുന്നത് ഭൗതികമായ ഒരു നിലവിളിയായിരുന്നു 'രക്ഷിക്കണേ' എന്നത് ഒരു ജനതയുടെ രാഷ്ട്രീയമായ, സ്വാർത്ഥപരമായ ഒരു യാചനയായിരുന്നു. പക്ഷേ രക്ഷകനാകാൻ നിയോഗിക്കപ്പെട്ട ക്രിസ്തുവിന് അത് ആത്മീയമായ ഒരു നിലപാടായിരുന്നു. പടയോട്ടങ്ങളിലൂടെ കീഴടക്കുന്ന ഒരു രക്ഷകന്റെ തലത്തിൽനിന്നു മാറി ബലിയിലൂടെ സ്വയം കീഴടങ്ങി മറ്റുള്ളവർക്ക് രക്ഷകനാകുന്ന ശൈലി. അതിനെ ഉൾക്കൊള്ളാൻ പറ്റാത്തവരൊക്കെ അവനു വേണ്ടി പിന്നെ ആർത്തു വിളിച്ചത് ഒരു കുരിശൊരുക്കി കൊടുത്തിട്ടാണ്.

ഗോതമ്പുമണി നിലത്തുവീണഴിയുന്നതിലൂടെയാണ് പുതുനാമ്പുകൾ മുളയ്ക്കുന്നതും ജീവന്റെ സമൃദ്ധിയുണ്ടാകുന്നതും എന്ന് അറിവിന്റെ പൊരുളറിഞ്ഞവൻ ക്രിസ്തു. വിരിയുന്നതിലൂടെ മാത്രമല്ല കൊഴിയുന്നതിലൂടെയും വളമാകുന്നതിലൂടെയുമാണ് സുഗന്ധം പരത്തുന്നത് എന്നറിഞ്ഞ തമ്പുരാൻ ഓശാനയുടെ ജയ്‌വിളികളെയും ഇവനെ ക്രൂശിക്കുവിൻ എന്ന നിലവിളികളേയും ഒരേ അത്മഭാവത്തോടെ സ്വീകരിച്ചു.

രക്ഷിക്കണേ എന്നുതന്നെയാണ് കാലം കഴിയുമ്പോഴും നമ്മുടെ നിലവിളികൾ. പക്ഷേ ഈ യാചനകൾ മന്നായ്ക്കു വേണ്ടിയാണോ ജ്ഞാനത്തിനു വേണ്ടിയാണോ എന്ന് ഇനിയെങ്കിലും ചോദിക്കേണ്ടേ? അപ്പത്തിനുവേണ്ടി മാത്രം യാചിക്കുന്നവർ സന്നിധിയുടെ ആശ്വാസമറിയാത്തവരാണ്. പക്ഷേ ജ്ഞാനത്തിനുവേണ്ടിയുള്ള യാചനയിൽ ദൈവത്തിനു വേണ്ടിയുള്ള ദാഹമുണ്ട്. യാചനയ്ക്കു നീട്ടിയ നിന്റെ കരങ്ങൾ അല്പം കൂടി ഉയർത്തിയിട്ട് ഉന്നതത്തിന്റെ ശക്തിയായ പരിശുദ്ധാത്മാവിനുവേണ്ടിയുള്ള ഒരു നിലവിളി ഇനിയും എന്തേ രൂപപ്പെടാതെ പോവുന്നു?

സ്വാർത്ഥതയുടെ ചിതൽപുറ്റിൽനിന്ന് എന്നേ രക്ഷിക്കണേ എന്ന്... ആസക്തിയുടെ അന്ധതയിൽനിന്ന് സൗഖ്യപ്പെടുത്തണേ എന്ന്....അടിച്ചമർത്തപ്പെടുന്ന തലങ്ങളിൽ ഉയിർപ്പുനല്കാൻ എന്നേ ദൂതനാക്കണേ എന്ന് .... വിശ്വാസം വിൽക്കുന്നതിൽനിന്നും പ്രദർശിപ്പിക്കുന്നതിൽനിന്നും എന്നേ രക്ഷിക്കണേ എന്ന്.... മാറ്റി പ്രാർത്ഥിക്കേണ്ട കാലമാണിത്.

ഓശാനയുടെ രംഗവേദിയിലെ അസാധാരണമായ ഒരു അടയാളം കഴുതയാണ്. തന്റെ രാജകീയ യാത്രയ്ക്ക് ഈശോ തിരഞ്ഞെടുത്ത മൃഗം കഴുതയേപ്പോലെ എന്നുപറയുമ്പോഴേ നമ്മുടെ മനസ്സ് പരിഹാസത്തിന്റെ ഹോർമോൺ ഉത്പാദിപ്പിച്ചുകഴിഞ്ഞു. ജീവിതത്തിന്റെ തെരുവിലേയ്ക്കും, വിളുമ്പിലേയ്ക്കും, ഒടുവിൽ പുറമ്പോക്കിലേയ്ക്കും തള്ളപ്പെട്ട ഒരുപാടുപേരുടെ നൊമ്പരങ്ങളെ ചേർത്തുപിടിക്കാനാകണം ക്രിസ്തു കഴുതയെ തിരഞ്ഞെടുത്തത്. ക്രിസ്തു അരികിൽ ചേർത്തുപിടിച്ചവരെയൊക്കെ അവമതിക്കാൻ നമ്മൾ ആരുമല്ല എന്നറിയുക. സമൂഹം അവജ്ഞയോടെ തള്ളിയവരെയൊക്കെ അവൻ അണച്ചു നിർത്തി. അതല്ലേ വിരുന്നുശാലയിലേയ്ക്ക് മുടന്തരേയും, വികലാംഗരേയും പുറമ്പോക്കുകളിലുള്ളവരേയുമൊക്കെ വിളിക്കാൻ അവൻ നിർബന്ധിക്കുന്നത്. അതുകൊണ്ടുതന്നെയല്ലേ അവസാനത്തെ വിധിതീർപ്പിൽ, അവൻ വലതുഭാഗത്തുള്ളവരെ സ്വീകരിക്കുന്നത് :- വിശക്കുന്നവനും, ദാഹിക്കുന്നവനും, പരദേശിയും, നഗ്നനും, കാരാഗൃഹവാസിയും..... പുറമ്പോക്കിലേയ്ക്ക് തള്ളപ്പെട്ട എല്ലാവരേയും പരിഗണിച്ചോ എന്ന ഒറ്റചോദ്യം കൊണ്ട്.

ഒടുവിൽ, കുരുത്തോലയെപ്പറ്റി;

ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചതിന്റെ അടയാളമാകണം നീ വഹിക്കുന്ന കുരുത്തോല. നിന്റെ സഹനങ്ങളിലും, രോഗങ്ങളിലും, കണ്ണീരിലും.... ക്രിസ്തു നിന്റെ രക്ഷകനാണോ? അതോ സന്തോഷങ്ങളിൽ മാത്രമേയുള്ളോ? നിന്റെ വിശ്വാസ ജീവിതത്തിന് ആഴത്തിൽകുഴിച്ച് ചിട്ടപ്പെടുത്തിയ അടിസ്ഥാനമുണ്ടോ? പാപത്തിന്റെ അഗാധതലങ്ങളിൽ നിന്നും ബന്ധനങ്ങളുടെ തടവറയിൽനിന്നും ആത്മാവിനെ വിശുദ്ധീകരിക്കാൻ പറ്റുന്ന ആത്മാർത്ഥത നഷ്ടപ്പെട്ടുപോയോ? ഇങ്ങനെ ഒരുപിടി ചോദ്യാവലിയിൽ ഒരു ആത്മശോധന നടത്തുന്നവർക്കാണ് കുരുത്തോല ക്രിസ്തുസാന്നിദ്ധ്യത്തിന്റെ അടയാളപത്രമാകുന്നത്.

ഓശാനയുടെ ജയ്‌വിളികൾ ഒടുങ്ങും മുൻപേ ഇവനേ ക്രൂശിക്കുക എന്ന നിലവിളികൾ ഉണ്ടാകും എന്ന ഓർമ്മപ്പെടുത്തലോടെ, ഓശാനത്തിരുന്നാളിന്റെ ആശംസകൾ!

ഫാ. അലക്സ് വേലച്ചേരിൽ.